കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 11 | സെപ്റ്റംബർ 15, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക



അകത്താളുകളിൽ

4 സ്റ്റേറ്റ് ഫോഡർ ഫാമിലെ കിടാരി പാർക്കിന്റെ ഉദ്ഘാടനം

5 ആഫിക്കൻ ഒച്ച് ശല്യം രൂക്ഷമായ പ്രദേശങ്ങൾ വിദഗ്ധ സമിതി സന്ദർശിച്ചു

6 പപ്പായ രുചിയ്ക്കും ആരോഗ്യത്തിനും


# നൂറുദിനത്തിനുള്ളിൽ അഞ്ചു കർമ്മ പദ്ധതികളും പൂർത്തീകരിച്ച് കൃഷി വകുപ്പ് : കൃഷി മന്ത്രി

കേരള സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഓണത്തിന് ഒരു മുറം പച്ചക്കറി, ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം, സംസ്ഥാനത്ത് നൂറ് നഗര - വഴിയോര കാർഷിക വിപണി ആരംഭിക്കൽ, സുഭിക്ഷം -സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ഇരുപത്തിയഞ്ച് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ രൂപീകരണം . എന്നീ 5 പദ്ധതികളും പൂർത്തീകരിച്ചതായി കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അറിയിച്ചു.



## 1. ഓണത്തിന് ഒരുമുറം പച്ചക്കറി

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം രൂക്ഷമായ സമയത്ത് സുരക്ഷിത ഭക്ഷ്യ ഉത്പാദനം ലക്ഷ്യമിട്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി യാണ് ഈ പദ്ധതി ആരംഭിച്ചത്. ഓണത്തിന് മാത്രമല്ല എല്ലാ സീസണിലും നമുക്കാവശ്യമായ പഴം-പച്ചക്കറികൾ സ്വന്തമായി വീട്ടുവളപ്പിൽ തന്നെ ലഭ്യമായ സ്ഥലത്ത് ഉത്പാദിപ്പിക്കണം എന്നതും പദ്ധതി ലക്ഷ്യമായിരുന്നു. പദ്ധതി പ്രകാരം 70 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്തു. കർഷകർ, വനിത ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പടുത്തിയായിരുന്നു പദ്ധതി സംഘടിപ്പിക്കപ്പെട്ടത്. ഈ പദ്ധതിയിലൂടെ 24000 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിലൂടെ 3.7 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉത്പാദിപ്പിക്കുവാൻ സാധിച്ചതോടൊപ്പം പ്രത്യക്ഷമായി നാലായിരത്തിലധികം തൊഴിൽ ദിനങ്ങളും പരോക്ഷമായി പതിനായിരത്തിലധികം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു.

## 2. ഒരുകോടി ഫലവൃക്ഷതൈകളുടെ വിതരണം

പരിസ്ഥിതി പുന:സ്ഥാപനത്തിനും, ജൈവവൈവിധ്യ സംരക്ഷണത്തിനും, കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്നതിനും, ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുന്നതിനും കൂടാതെ കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് പ്രതിവർഷം ഒരു കോടി ഫലവൃക്ഷതൈകളുടെ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയത്. 100 ദിവസത്തിനുള്ളിൽ ആദ്യ ഘട്ടമെന്ന നിലയിൽ 25 ലക്ഷം ഫവർഗ്ഗങ്ങളുടെ വിതരണമാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയിലൂടെ നാടൻ ഇനങ്ങളും, വിദേശ ഇനങ്ങളും ഉൾപ്പെടെ 29 ലക്ഷം ഫവലൃക്ഷതൈകളാണ് ഈ കാലയളവിൽ വിതരണം ചെയ്തത്. പ്ലാവ്, മാവ് മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ


ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.



ഇനങ്ങൾ, സപ്പോട്ട, ഓറഞ്ച്, പേരക്ക ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള ളാത്ത, ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇരുമ്പൻ പുളി, സീതപ്പഴം, ബറാബ, കസ്റ്റഡ് ആപ്പിൾ, നെല്ലി, തുടങ്ങിയു ള്ള 30 ഇനം ഫലവൃക്ഷതൈകളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്.

### 3. സംസ്ഥാനത്ത് നൂറ് നഗര-വഴി യോര കാർഷിക വിപണി ആരം ഭിക്കൽ

കർഷകരിൽ നിന്ന് നാടൻ ഉത്പന്നങ്ങൾ നേരിട്ട് ശേഖരിച്ച് നഗര പ്രദേശങ്ങളിലെ ഉണഭോക്താ ക്കൾക്ക് മികച്ച കാർഷിക ഉത്പന്ന ങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോ ടെയാണ് സംസ്ഥാനത്തുടനീളം 100 നഗര വഴിയോര കാർഷിക വിപണി കൾ രൂപീകരിച്ചത്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 10 വിപണികൾ വീതവും മറ്റ് ജില്ലകളിൽ 6 വിപണി കൾ വീതവുമാണ് നടപ്പിലാക്കിയത്. കർഷകർക്ക്, ഇടനിലക്കാരില്ലാതെ കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് വഴി ഉണഭോക്താക്കൾ ക്ക് വിഷ രഹിത പച്ചക്കറികൾ ലഭി ക്കുന്നു എന്നത് ഉറപ്പാക്കുന്നതോടൊ പ്പം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു എന്നതും ഈ പദ്ധതിയുടെ ആകർഷണമാണ്. നഗരപ്രദേശത്തെ മുൻനിര കാർഷിക വിപണികൾക്ക് സമാന്തരമായി കർഷകർക്കും ഉപ ഭോക്താക്കൾക്കും പ്രയോജനകരമായ ഈ സംവിധാനത്തിലൂടെ നാളിതുവ രെ 23 ലക്ഷം രൂപ മൂല്യം വരുന്ന 65 ടൺ പഴം-പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി.

### 4. സുഭിക്ഷം- സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷി പദ്ധതി.

പ്രകൃതി സൗഹൃദ കാർഷിക രീ തികളിലൂടെയും ജൈവ, സ്വാഭാവിക കാർഷിക മുറകളിലൂടെയും കാർഷി കോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതിയാ ണ് സുഭിക്ഷം സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷി. കേന്ദ്ര സംസ്ഥാന സർ ക്കാരുകളുടെ സംയുക്ത സംരംഭമായി 84000 ഹെക്ടർ പൂർണ്ണമായും പ്രകൃതി സൗഹൃദ, ജൈവ കൃഷി രീതിയാണ് പദ്ധതി ലക്ഷ്യം. 500 ഹെക്ടർ വരുന്ന കൃഷിയിടങ്ങൾ ഒരു ക്ലസ്റ്റർ ആയി കണ ക്കാക്കിയാണ് പദ്ധതിയുടെ നടത്തിപ്പ്. 100 ദിവസത്തിനുള്ളിൽ ലക്ഷ്യമിട്ട 5000 ഹെക്ടറിന് പുറമെ സംസ്ഥാന മൊട്ടാകെ 23566 ഹെക്ടർ പ്രദേശത്ത് പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു. 2021 സെപ്റ്റംബർ 5 മുതൽ സെപ്റ്റം ബർ 15 വരെയുള്ള കാലയളവിലാണ് ഒന്നാംഘട്ട വിളവെടുപ്പ് നടന്നത്. പ്രത്യക്ഷമായി പതിനേഴായിരത്തി ലധികം തൊഴിൽ ദിനങ്ങളും, പരോ





ക്ഷമായി തൊണ്ണൂറായിരത്തിലധികം തൊഴിൽ ദിനങ്ങളും ഈ പദ്ധതിയിലൂടെ സൃഷ്ടിക്കാൻ സാധിച്ചു.

## 25 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ രൂപീകരണം

ഓരോ പ്രദേശത്തും ലഭ്യമായ കാർഷികോത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും ലക്ഷ്യമാക്കി അവയുടെ ഉദ്പാദകരായ കർഷകരെ അംഗങ്ങളാക്കിയാണ് ആദ്യഘട്ടമെന്ന നിലയിൽ ഇരുപത്തിയഞ്ച് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) രൂപീകരിക്കുന്നത്. പത്ത് മുതൽ ഇരുപത് കർഷകർ അടങ്ങുന്ന കർഷകരുടെ താൽപര്യ സംഘങ്ങൾ രൂപീകരിച്ച് അവയെ കോർത്തിണക്കിക്കൊണ്ടുമാണ് FPOകൾ രൂപീകരിക്കുന്നത്. തുടക്കത്തിൽ 100 കർഷകരെയെങ്കിലും ചേർത്ത് രൂപീകരിക്കുന്ന സംഘടനയിൽ തുടർന്നുള്ള വർഷത്തിൽ അഞ്ഞൂറിലധികം കർഷകരെ അംഗങ്ങളാക്കി FPOകളെ ശാക്തീകരിക്കും. ഇങ്ങനെ രൂപീകരിക്കുന്ന സംഘടനകൾക്ക് 60 ലക്ഷം രൂപവരെ ആദ്യത്തെ മൂന്നു വർഷത്തിനകം സഹായമായി നൽകുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ ഓരോ എഫ്. പി. ഒ കളിലും പത്ത് കളക്ഷൻ സെന്ററുകൾ വഴിയാണ് ശേഖരിക്കുന്നത്. സെന്റർ ഒന്നിന് ഒരു ലക്ഷംരൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ പാക്ക് ഹൗസുകൾ സജ്ജീകരിക്കുന്നതിന് ആദ്യവർഷം 5 ലക്ഷം രൂപയും രണ്ട്, മൂന്ന് വർഷങ്ങളിലായി 10 ലക്ഷം രൂപ വീതവും നൽകും. കേരളത്തിലാകെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകൾ തിരിച്ചുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തും. ഘട്ടം ഘട്ടമായുള്ള വികസന പ്രവർത്തനങ്ങളിലൂടെ മൂന്നു വർഷത്തിനുളളിൽ കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ട് കാർഷിക ഉത്പ്പന്നങ്ങൾക്ക് പരമാവധി വിപണിമൂല്യം കണ്ടെത്തുകയും കേരള ബ്രാൻഡ് ഉത്പന്നങ്ങൾ കയറ്റുമതിയ്ക്ക് പര്യാപ്തമാക്കുക എന്നതുമാണ് ആത്യന്തിക ലക്ഷ്യം. ആയതിന് മൂന്ന് വർഷം വരെ FPOകളെ ശാക്തീകരിക്കുന്നതിനും സ്വയം പര്യാപ്തമാക്കുന്നതിനും കാർഷിക വിപണന പ്രോത്സാഹന ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. ഇരുപത്തയ്യായിരത്തിലധികം തൊഴിൽ ദിനങ്ങളാണ് ഈ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്നത്.



# സുഭിക്ഷം-സുരക്ഷിതം നൂറുദിന കർമ്മ പരിപാടിയിൽ ജൈവ കൃഷി പാവൽ വിളവെടുപ്പ്

സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം കീരംപാറ പഞ്ചായത്തിൽ നടത്തിയ ഒരേക്കർ സ്ഥലത്തെ പാവൽകൃഷിയാണ് നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിളവെടുത്തത്. കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് നടത്തുന്ന സുഭിക്ഷം സുരക്ഷിതം പദ്ധതി ജൈവ കൃഷി പ്രോൽസാഹനത്തിന് കർഷകർക്ക് വളരെയധികം സഹായകരമാകുന്നു. രാസവളങ്ങളെയും, രാസകീടനാശിനികളെയും പൂർണ്ണമായും ഒഴിവാക്കി, വരും തലമുറയ്ക്ക് സുരക്ഷിത ഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കർഷകരെയും, യുവജനങ്ങളെയും, കുട്ടികളെയും, വനിതകളെയും, സന്നദ്ധ പ്രവർത്തകരെയും, പൊതുജനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കീരംപാറ ഗ്രാമ പഞ്ചായത്തിലെ നാലാം വാർഡിലെ മികച്ച പച്ചക്കറി കർഷകനായ കപ്പീലാം വീട്ടിൽ കെ.എസ് മോഹനനും, ഇദ്ദേഹത്തിന്റെ മകനും യുവ കർഷകനുമായ കൃഷ്ണകുമാറും ചേർന്ന് ഒരേക്കർ സ്ഥലത്ത് മാതൃകാ പ്രദർശന തോട്ടമായി കൃഷി ചെയ്ത രണ്ട് ടണ്ണിൽ അധികമാണ് പാവയ്ക്കയാണ് വിളവെടുത്ത്. സുഭിക്ഷം - സുരക്ഷിതം ഭാരതീയ പ്രകൃതി കൃഷിയുടെയും , സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയുടെയും ഭാഗമായാണ് ജൂൺ മാസത്തിൽ കൃഷി ആരംഭിച്ചത്. വിളവെടുപ്പ് ഉൽസവം കീരംപാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.സി ചാക്കോ നിർവഹിച്ചു. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബ ജോർജ് അദ്ധ്യക്ഷത വഹിച്ചു. കോതമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വി.പി സിന്ധു പദ്ധതി വിശദികരിച്ചു. ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ മഞ്ജു സാബു, സിനി ബിജു, ജിജോ ആന്റണി, കൃഷി ഓഫീസർ ബോസ് മത്തായി ,അസി. കൃഷി ഓഫീസർ എൽദോസ് പി ,കെ എസ് മോഹനൻ, കൃഷ്ണകുമാർ എന്നിവർ വിളവെടുപ്പിന് നേതൃത്വം നൽകി.




# സ്റ്റേറ്റ് ഫോഡർ ഫാമിലെ കിടാരി പാർക്കിന്റെ ഉദ്ഘാടനം

വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 50 കിടാരികള വളർത്തി കറവപ്പശുക്കളാക്കി കർഷകർക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിക്കുന്ന കിടാരി പാർക്കിന്റെ ശിലാസ്ഥാപന കർമ്മം 2021 സെപ്റ്റംബർ 8 ന് വൈകിട്ട് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ വച്ച് ക്ഷീരവികസന മൃഗസംരക്ഷണ മൃഗശാല വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവ്വഹിച്ചു. ഡയറി ജോയിന്റ് ഡയറക്ടർ വി. പി . സുരേഷ് കുമാർ ചടങ്ങിന് സ്വാഗതം ആശംസിച്ചു. തിരുവനന്തപുരം നഗരസഭ കൗൺസിലർമാരായ ജെ. സുധീർ, വി.എസ് സുലോചനൻ എന്നിവരും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ്



ഓഫീസർ റ്റി. കെ. അനി കുമാരി, ജോയിന്റ് ഡയറക്ടർ സി. സുജയ്കുമാർ, എ.എ.ഹക്കീം, മണ്ണറ വേണു എന്നിവർ ആശംസകൾ അർപ്പിച്ചു. ജോയിന്റ് ഡയറക്ടർ കെ. ശശികുമാർ നന്ദി അറിയിച്ചു. സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ട് റിപ്പോർട്ട് അവതരിപ്പിച്ചു.

ദീർഘവീക്ഷണത്തോടെ പദ്ധതികൾക്ക് രൂപം കൊടുക്കുവാനും സമയബന്ധിതമായി പൂർത്തിയാക്കുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ആന്റണി രാജു അഭിപ്രായപ്പെട്ടു. ക്ഷീരമേഖല ശക്തിപ്പെടുത്താനുള്ള അനേകം പദ്ധതികളിലൊന്നു മാത്രമാണ് കിടാരിപാർക്ക് പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനു വേണ്ടി നല്ല കിടാരികളെ കർഷകർക്കു നൽകുവാൻ വേണ്ടിയാണ് ? പദ്ധതി.

# അട്ട ശല്യം രൂക്ഷമായ പ്രദേശങ്ങൾ വിദഗ്ധ സമിതി സന്ദർശിച്ചു

നുകുന്നമ്മൽ ബ്ലോക്ക് പരിധിയിലെ വേളം പഞ്ചായത്തിൽ അട്ട ശല്യം രൂക്ഷമായ നെൽവയലുകളും മറ്റു കൃഷിയിടങ്ങളും വിദഗ്ധ സമിതി പരിശോധന നടത്തുകയും പ്രായോഗിക നിയന്ത്രണ മാർഗങ്ങളെ കുറിച്ചു ചർച്ച നടത്തുകയും ചെയ്തു. കോഴിക്കോട് ജില്ലയിലെ നെല്ലറകളിൽ ഒന്നാണ് വേളം. പന്ത്രണ്ട് പാടശേഖരങ്ങളിലായി കിടക്കുന്ന അഞ്ഞൂറ് ഏക്കറോളം നെൽവയലുകളിൽ അട്ട ശല്യം രൂക്ഷമാണ്.


കാർഷിക സർവകലാശാല അസ്സോസിയേറ്റ് പ്രൊഫെസർ ഡോ. കെ.എം. ശ്രീകുമാർ ബോധവൽക്കരണം നടത്തി. എല്ലാ കൃഷിയിടങ്ങളിലും ഒരുമിച്ച് കൃഷി ഇറക്കുകയും ഒരു കൃഷിയിടവും തരിശീടാതിരിക്കുകയും ചെയ്യുക എന്നതാണ് അട്ട ശല്യം കുറയ്ക്കുന്നതിനു അവലംബിക്കേണ്ട പ്രധാനപ്പെട്ട കാര്യം. വെള്ളകെട്ടുള്ള പടശേഖരത്തിൽ ഒരു ഏക്കറിന് 4 കിലോഗ്രാം ഉരുക്കു പൊടി വിതറുകയോ വെള്ളത്തിൽ ലയിപ്പിച്ച തളിക്കുകയോ ചെയ്യാം. കുമ്മായം ഉപയോഗിച്ചു ഉള്ള നിയന്ത്രണം എല്ലാ പ്രദേശങ്ങളിലും ഒരുമിച്ച് ചെയ്യേണ്ടതാണ്.

വിദഗ്ധ സമിതിയിൽ കാർഷിക സർവകലാശാല അസ്സോസിയേറ്റ് പ്രൊഫസർ ഡോ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് പ്രൊഫസർമാരായ അപർണ രാധാകൃഷ്ണൻ, ഇ..എം. ഷിജിന, കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് കെ.കെ. ഐശ്വര്യ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ പുഷ്പ. എ, കുന്നമ്മൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ രമ്യ രാജൻ, എഫ്.ഐ.ബി. അസിസ്റ്റന്റ് ഡയറക്ടർ നിഷ പി.ടി., വേളം കൃഷി ഓഫീസർ ജ്യോതി. സി. ജോർജ്,പഞ്ചായത്തു ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു



# ആഫിക്കൻ ഒച്ച് ശല്യം രൂക്ഷമായ പ്രദേശങ്ങൾ വിദഗ്ധ സമിതി സന്ദർശിച്ചു

മരുതോങ്കര പഞ്ചായത്തിൽ വിദഗ്ധ സമിതി ഒച്ച് ശല്യം രൂക്ഷമായ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വിവിധ രീതിയിൽ ഉള്ള പ്രായോഗിക നിയന്ത്രണ മാർഗങ്ങളെ കുറിച്ചു ചർച്ച നടത്തുകയും ചെയ്തു. കാർഷിക സർവകലാശാല അസ്സോസിയേറ്റ് പ്രൊഫെസർ ഡോ. കെ.എം. ശ്രീകുമാർ കർഷകർക്ക് ബോധവൽക്കരണം നടത്തി. ഒച്ച് ശല്യം നിയന്ത്രിക്കുന്നതിനായി നിർദേശിക്കപ്പെട്ട അളവിൽ ഉപ്പ്, കുമ്മായം എന്നിവ സംയോജിതമായി പ്രയോഗിക്കേണ്ടതാണ്. പഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ ഒരു ദുരന്ത നിവാരണ സേന രൂപീകരിച്ചു. കർഷകർ ഉൾപ്പെടുന്ന വിവിധ ക്ലസ്റ്ററുകൾ രൂപീകരിച്ച് സമയ ബന്ധിതമായി ഒച്ചു ശല്യം ഉള്ള സ്ഥലങ്ങൾ സന്ദർശിച്ച് പ്രതിരോധ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.



പഞ്ചായത്തിൽ നിന്നും ഇതിനാവശ്യമായ ധനസഹായവും നിയന്ത്രണോപാധികളായ ഉപ്പ് കുമ്മായം എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു. കാർഷിക സർവകലാശാല അസ്സോസിയേറ്റ് പ്രൊഫസർ ഡോ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് പ്രൊഫസർമാരായ അപർണ രാധാകൃഷ്ണൻ, ഇ..എം. ഷിജിന, കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് കെ.കെ.ഐശ്വര്യ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ പുഷ്പ. എ. കുന്നമ്മൽ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ രമ്യ രാജൻ, എഫ്.ഐ.ബി. അസിസ്റ്റന്റ് ഡയറക്ടർ നിഷ പി.ടി., വേളം കൃഷി ഓഫീസർ ജ്യോതി. സി. ജോർജ്, പഞ്ചായത്തു ജനപ്രതിനിധികൾ, കാർഷിക വികസന സമിതി അംഗങ്ങൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



ഭാഗം - 1

**എം.എസ്. പ്രമോദ് കുമാർ**
കൃഷി ഡെപ്യൂട്ടി ഡയറക്ടർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

# പപ്പായ
# രുചിയ്ക്കും ആരോഗ്യത്തിനും

പപ്പായ അഥവാ ഓമയ്ക്ക കേരളത്തിലെ പറമ്പുകളിൽ സുലഭമായി കാണുന്ന ഒരു ഫല വർഗ്ഗ വിളയാണ്. നട്ട് ഒരുവർഷത്തിനകം പുഷ്പിക്കുകയും വർഷം മുഴുവനും കായ്ഫലം നൽകുകയും ചെയ്യുന്ന ഒരു പ്രത്യേകത ഇതിനുണ്ട്. ഇതിന്റെ കായ പച്ചയായി വിവിധ കറികൾ തയ്യാറാക്കുവാനും പഴുപ്പിച്ച് കഴിക്കുവാനും ഉപയോഗിക്കുന്നു. പോഷക മൂല്യവും ഔഷധഗുണവും വ്യാവസായിക ഉപയോഗവുമുള്ള ഈ ഫലത്തിന് അർഹിക്കുന്ന പരിഗണന കേരളത്തിൽ നൽകുന്നില്ല. വൈറ്റമിൻ എ, ഡി, കാൽസ്യം, ഫോസ്ഫറസ് മുതലായ ധാതുക്കൾ എന്നിവയുടെ സ്രോതസ്സായ പപ്പായ വയറിലെ വിരശല്യത്തിന് ഉത്തമ ഔഷധമായി പണ്ടുകാലം മുതലേ ഉപയോഗിച്ചു വരുന്നതാണ്. പച്ചകായ്കളുടെ തൊലിയിൽ നിന്നും ലഭിക്കുന്ന കറയിലടങ്ങിയിരിക്കുന്ന പപ്പെയ്ൻ എന്ന രാസാഗ്നി മാംസ സംസ്കരണത്തിനും തോൽ വ്യവസായത്തിലും ച്യുയിംഗം, സൗന്ദര്യവർധക വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനും ഉപയോഗിക്കുന്നു. പഴുത്ത കായ്കൾ നേരിട്ടും ജാം, ജെല്ലി മുതലായ ഉത്പന്നങ്ങൾ ആയും ഭക്ഷ്യയോഗ്യമാണ്. Carica papaya എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന പപ്പായ ഉഷ്ണമേഖലാപ്രദേശങ്ങളിൽ ധാരാളമായി കണ്ടുവരുന്നു. ഇതിന്റെ ജന്മദേശം തെക്കൻ മെക്സിക്കോ കോസ്റ്ററിക്ക പ്രദേശങ്ങളിലാണ്. ഇന്ത്യ ലോകത്ത് പപ്പായ ഉത്പാദനത്തിൽ ഒന്നാം സ്ഥാനത്താണ്.

## ഇനങ്ങൾ

പപ്പായയിൽ ഡീഷ്യസ്, ഗൈനോഡയീഷ്യസ് എന്നിങ്ങനെ 2 ഇനങ്ങളുണ്ട്. ആദ്യത്തേതിൽ ആൺ പെൺ ചെടികൾ വെവ്വേറെയായി കാണപ്പെടുന്നു. ഉദാ: പൂസ ഡ്വാർഫ്, പൂസ ജയന്റ്, സി.ഒ-1. ഇവയുടെ തൈകൾ മാറ്റി നടുമ്പോൾ 20 പെൺചെടികൾക്ക് ഒരാൺ ചെടി എന്ന കണക്കിൽ നിലനിർത്തി ശേഷിക്കുന്നവ നീക്കം ചെയ്യണം. ഗൈനൊഡയീഷ്യസ് ഇനങ്ങളിൽ പെൺചെടികളും ദ്വിലിംഗപുഷ്പങ്ങളുള്ള ചെടികളുമുണ്ടാകുമെന്നതിനാൽ എല്ലാം ചെടിയിൽ നിന്നും കായ് ലഭിക്കും. ഉദാ: പൂസ ഡെലീഷ്യസ്, കൂർഗ് ഹണിഡ്യൂ, സി.ഒ-7, സി.ഒ-8.

നാടൻ ഇനങ്ങളും വിദേശ ഇനങ്ങളും കൃഷി ചെയ്തുവരുന്നു. വിവിധ സംസ്ഥാനങ്ങളിലെ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും 15-ഓളം പപ്പായ ഇനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. വാഷിങ്ടൺ, ഹണി ഡ്യൂ, കൂർഗ്, പൂസാ ഡെലീഷ്യസ്, പൂസ ജയന്റ്, സി.ഒ.1 മുതലായവ ഭക്ഷ്യ ഇനങ്ങളായി ഉപയോഗിക്കുന്നവയാണ്. പൂസാ മെജസ്റ്റി എന്നയിനം പപ്പെയ്ൻ ഉൽപാദനത്തിന് യോജിച്ചതാണ്. പൂസാ ഡ്വർഫ്, പൂസാ അൾട്ടാ ഡ്വാർഫ് എന്നിവ പേര് സൂചിപ്പിക്കും പോലെ ഉയരം കുറഞ്ഞ ഇനങ്ങളായതിനാൽ അടുക്കളത്തോട്ടത്തിലും ടെറസ്സ് കൃഷിയിലും ഉൾപ്പെടുത്താവുന്നതാണ്. അടുത്തകാലത്തായി റെഡ്‌ലേഡി എന്ന തായ്‌വാൻ ഇനം വളരെ പ്രചാരത്തിലുണ്ട്. പരമാവധി 2.5 മീറ്റർ വരെ ഉയരമുള്ള ഈ ഇനത്തിന്റെ ചുവന്ന മാംസളമായ പഴത്തിനു സ്വാദേറും. ഒരു മരത്തിൽ നിന്നും 50-200 കായ്കൾ ലഭിക്കും. കായയുടെ വലിപ്പത്തിലും ഈ ഇനം മുന്നിലാണ്.

## പപ്പായ ചെടിയിലെ ലിംഗഭേദങ്ങൾ

പപ്പായ എന്ന വിളയിൽ ആൺ, പെൺ,ദ്വിലിംഗ പുഷ്പങ്ങൾ എന്നിവ വെവ്വേറെ ചെടികളിൽ ആയി കാണുന്നു. ആൺപൂക്കൾ ഒന്നു മുതൽ ഒന്നര മീറ്റർ വരെ നീളമുള്ള തണ്ടുകളിൽ ചെറിയ പുഷ്പങ്ങൾ കുലകളായി കാണാം. അതേസമയം പെൺപുഷ്പങ്ങൾ വലുതും ഒറ്റയ്ക്കൊ പരമാവധി മൂന്നു പൂക്കൾ ഒരുമിച്ചോ ചെടിയുടെ പ്രധാന തണ്ടിനോട് ചേർന്ന് കാണാം. ദ്വിലിംഗപുഷ്പങ്ങൾ മൂന്നര മുതൽ 5 സെന്റിമീറ്റർ വരെ നീളത്തിൽ 5 ഇതളുകളോടുകൂടി കാണപ്പെടുന്നു. ഇവയിൽ കേസരങ്ങളും അണ്ഡാശയവും കാണപ്പെടും. അന്തരീക്ഷ താപനിലയിലുള്ള വ്യതിയാനം മൂലം ആൺചെടികളും ദ്വിലിംഗ പുഷ്പങ്ങൾ ഉത്പാദിപ്പിക്കുന്ന ചെടികളും പെൺചെടികളായി മാറുന്നതായി കണ്ടിട്ടുണ്ട്. ഇവയിൽ വളരെ പരിമിതമായ രീതിയിൽ കായ്പിടുത്തമുണ്ടാകുമെങ്കിലും മൂപ്പെത്തുംമുൻപ് കൊഴിഞ്ഞുപോകുന്നതായി കണ്ടുവരുന്നു.

*(തുടരും)*

# ഇറച്ചിക്കോഴി വളർത്തൽ

**ഡോ. ഹരികൃഷ്ണൻ എസ്.**
സ്പെഷ്യൽ ഓഫീസർ
കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ്, വെറ്ററിനറി സർവകലാശാല

ആഗോളതലത്തിൽ ഭക്ഷ്യസുരക്ഷയ്ക്ക് വെല്ലുവിളികൾ നേരിടുന്ന കാലത്ത് അത് പ്രതിരോധിക്കാൻ ഏറ്റവും ചെലവ് കുറഞ്ഞു ലഭിക്കുന്ന ഒരു മാംസ്യാഹാരമാണ് കോഴിയിറച്ചി. 100 ഗ്രാം കോഴി ഇറച്ചിയിൽനിന്ന് 240 കിലോ കാലറി ഊർജം, 27 ഗ്രാം മാംസ്യം, അവശ്യ അമിനോ അമ്ലങ്ങൾ, വിറ്റാമിനുകൾ എന്നിവ ലഭിക്കുന്നു. കൂടാതെ കൊളസ്ട്രോൾ താരതമന്യേ കുറവായ ബ്രോയ്‌ലർ ഇറച്ചിയിൽ അപൂരിത കൊഴുപ്പമ്ലങ്ങൾ പൂരിത കൊഴുപ്പിനേക്കാൾ അധികമായതിനാൽ ഇവ അപകടകാരിയാകുന്നുമില്ല. അതിനാലാണ് ബ്രോയ്‌ലർ കോഴികൾ ലോകം മുഴുവൻ വിശിഷ്യാ മലയാളികൾക്ക് ഏറെ പ്രിയങ്കരമായിത്തീർന്നത്.



ലോകത്ത് വിരളിലെണ്ണാവുന്ന പ്രമുഖ കമ്പനികളുടെ കൈയിൽ മാത്രമുള്ള നാലു ലക്ഷത്തോളം വരുന്ന 35 മുതൽ 40 പ്യൂർ ലൈനുകൾ (അടിസ്ഥാന ശുദ്ധ ഇനങ്ങൾ), അഞ്ചു ലക്ഷത്തോളം വരുന്ന ഗ്രേറ്റ് ഗ്രാൻഡ് പേരെന്റ്സ് (മുതുമുത്തച്ഛന്മാർ) എന്നിവയിൽനിന്നും രൂപപ്പെടുത്തിയ ഗ്രാൻഡ് പേരെന്റ്സ് സ്റ്റോക്ക് (മുത്തച്ഛന്മാർ), പേരെന്റ്സ് സ്റ്റോക്ക് (അച്ഛനമ്മമാർ) എന്നിവയെ ഇന്ത്യയിൽ എത്തിച്ചാണ് ഇന്ത്യൻ കമ്പനികൾ അവയിൽനിന്നു ബ്രോയിലർ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു വിപണനം നടത്തുന്നത്. കോടിക്കണക്കിനു രൂപയുടെ മുതൽ മുടക്കും വർഷങ്ങൾ നീണ്ട തുടർച്ചയായ ഗവേഷണങ്ങൾക്കുമൊടുവിലാണ് പ്രമുഖ കമ്പനികൾ പേരെന്റ് സ്റ്റോക്കിൽനിന്നു ബ്രോയിലർ കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നത്. കോബ്ബ് 400, റോസ് 308, ഹബ്ബാർഡ്, ഹൈബ്രോ എന്നിവ ഉയർന്ന ഉൽപാദനക്ഷമത കൂടിയ ബ്രോയിലർ സ്ട്രെയിനുകളാണ്.

ബ്രോയിലർ കുഞ്ഞുങ്ങൾക്ക് വളർച്ചയുടെ ആദ്യ ആഴ്ച പ്രീ സ്റ്റാർട്ടർ തീറ്റയും പിന്നീട് രണ്ടാഴ്ച കാലം സ്റ്റാർട്ടർ തീറ്റയും ഒടുവിലത്തെ മൂന്നാഴ്ച കാലം ഫിനിഷർ തീറ്റയുമാണ് നൽകേണ്ടത്. വളർച്ചയുടെ ആരംഭത്തിൽ നൽകുന്ന മാംസ്യം (പ്രോട്ടീൻ) കൂടുതലുള്ള പ്രീ സ്റ്റാർട്ടർ തീറ്റ നൽകുന്നതും, വളർച്ചയുടെ ഒടുവിലായി ഊർജമേറിയ ഫിനിഷർ തീറ്റ നൽകുന്നതുമാണ് ത്വരിത വളർച്ചയെ സഹായിക്കുന്ന പ്രധാന ഘടകങ്ങൾ. ആദ്യ ആഴ്ചകളിൽ വിറ്റാമിൻ എ, ബി2, ഡി3, കെ, ബി കോംപ്ലക്സ് എന്നിവയടങ്ങിയ മരുന്നുകൾ നൽകുന്നത് കുഞ്ഞുങ്ങളിലെ കാല് തളർച്ച, മറ്റു വൈകല്യങ്ങൾ എന്നിവയെ ഒഴിവാക്കാൻ സഹായിക്കും. തീറ്റയിൽ പ്രോബയോട്ടിക് സംയുക്തങ്ങൾ ഉപയോഗിക്കുക വഴി അനാവശ്യ ആന്റിബയോട്ടിക് ഉപയോഗം പാടെ ഒഴിവാക്കാം.

കേവലം 35 ദിവസം കൊണ്ട് ശരാശരി 2 കിലോഗ്രാം തൂക്കമെത്തുന്ന ഇവയുടെ തീറ്റപരിവർത്തന ശേഷി 1.6 ഇൽ താഴെയും, ജീവനക്ഷമത 97 ശതമാനത്തിനടുത്തുമാണ്. അതായത് 2 കിലോ ഗ്രാം തൂക്കം ലഭിക്കാൻ ഏതാണ്ട് 3.2 കിലോഗ്രാം തീറ്റയാണ് ആവശ്യമായി വരിക. ദ്രുതഗതിയിൽ വളർച്ച സാധ്യമായ ഇത്തരം ബ്രോയിലർ കുഞ്ഞുങ്ങൾക്ക് മികച്ച പാർപ്പിടം, തീറ്റക്രമം, ആരോഗ്യ പരിപാലനം എന്നിവ നൽകുക വഴിയാണ് അവയെ ഗുണമേന്മയേറിയ ഭക്ഷണ വിഭവമായി മാറ്റാൻ സാധിക്കുന്നത്.

# മൃഗശാലാ ഓഫീസ്-സ്റ്റോർ സമുച്ചയം, ശലഭോദ്യാനം, വിദേശപക്ഷികളുടെ പരിബന്ധനം, മൊബൈൽ ആപ്പ് എന്നിവയുടെ ഉദ്ഘാടനം

സു തിരുവനന്തപുരം മൃഗശാലാ ഓഫീസ്-സ്റ്റോർ സമുച്ചയം, ശലഭോദ്യാനം, വിദേശപക്ഷികളുടെ പരിബന്ധനം, മൊബൈൽ ആപ്പ് എന്നിവയുടെ ഉദ്ഘാടനം 08.09.2021 ന് മ്യൂസിയം ഓഡിറ്റോറിയത്തിൽ വച്ച് ബഹു. വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹു. മൃഗസംരക്ഷണം, ക്ഷീരവികസനം, മൃഗശാലാ വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. മൃഗശാലാ -മ്യൂസിയവുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് നിരവധി പദ്ധതികൾ ആരംഭിച്ച ഉദ്യോഗസ്ഥരേയും ഇതിന് നേതൃത്വം വഹിക്കുന്ന ബഹു. മന്ത്രിയേയും അദ്ധ്യക്ഷൻ അഭിനന്ദിച്ചു. ചടങ്ങിൽ മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടർ സ്വാഗതവും നന്തൻകോട് വാർഡ് കൗൺസിലർ ഡോ. കെ.എസ്.റീന, ഡബ്ല്യൂ ഡബ്ല്യൂ എഫ് സ്റ്റേറ്റ് ഡയറക്ടർ ശ്രീ. രഞ്ചൻ മാത്യൂ വർഗീസ്, റിസർച്ച് അസോസിയേറ്റ് TNHS ഡോ. കലേഷ് സദാശിവൻ, വൈൽഡ് ലൈഫ് ഫോട്ടോ ഗ്രാഫർ, ഫിലിം മേക്കർ ശ്രീ. സുരേഷ് ഇളമൺ എന്നിവർ ആശംസയും മൃഗശാലാ സൂപ്രണ്ട് ശ്രീ. റ്റി. വി അനിൽകുമാർ കൃതജ്ഞതയും പറഞ്ഞു.




# സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ പട്ടം

സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനം 08.09.2021 ഉച്ചതിരിഞ്ഞ് ക്ഷീരവികസന മൃഗസംരക്ഷണ മൃഗശാലാ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിച്ചു. അഡ്വ. വി.കെ പ്രശാന്ത് എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. ക്ഷീര വികസന വകുപ്പിന്റെ വിവിധ പദ്ധതികളിലേക്കുള്ള വിഭവ സമാഹരണം, വിവര ശേഖരണം സംയോജനം പ്രവർത്തന ക്രമീകരണം, ഏകീകരണം എന്നിങ്ങനെയുള്ള എല്ലാ ഘടകങ്ങളും ഏകോപ്പിച്ചുകൊണ്ടുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് ഇൻഫർമേഷൻ സെന്റർ ആരംഭിച്ചിരിക്കുന്നത്. ചടങ്ങിന് ജോയിന്റ് ഡയറക്ടർ വി. പി. സുരേഷ് കുമാർ സ്വാഗതവും പ്ലാനിംഗ് ജോയിന്റ് ഡയറക്ടർ കെ. ശശികുമാർ നന്ദിയും അറിയിച്ചു. തിരവനന്തപുരം നഗരസഭ ഡപ്യൂട്ടി മേയർ പി. കെ രാജു,

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റ്റി.കെ. അനിൽകുമാർ സ്റ്റേറ്റ് ഡയറി ലാബ് ജോയിന്റ് ഡയറക്ടർ സി. വിജയകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ 50 ലക്ഷം രൂപ ചിലവിലാണ് നിർമ്മാണ പ്രവർത്തനം നടത്തിയത്. കേരളത്തിൽ ക്ഷീര മേഖല കോവിഡ്കാലത്തു പോലും ശക്തമായി മുന്നോട്ടു പോകുന്നു എന്ന് ചിഞ്ചുറാണി അഭിപ്രായപ്പെട്ടു.




ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh